# വാദെദൽമീനൊ ശുശ്രൂഷ



'തുറമുഖത്തേയ്ക്ക് അടുക്കുക' എന്നർത്ഥമുള്ള സുറിയാനി പദമാണ് "വാദെദൽമീനൊ." മലങ്കരസഭയിൽ, കഷ്ടാനുഭവ ആഴ്ചയിലെ തിങ്കളാഴ്ച രാത്രി പ്രാർത്ഥനാസമയത്ത് നടത്തപ്പെടുന്ന ശുശ്രൂഷയാണ് ഇത്. പത്ത് കന്യകമാരുടെ ഉപമയെ ആസ്പദമാക്കി, ക്രൈസ്തവ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട വിശുദ്ധിയുടെയും ഉണർവ്വിന്റെയും ആവശ്യകതയെ ഇത് ചൂണ്ടിക്കാട്ടുന്നു. രാത്രിയുടെ രണ്ടാം കൗമായ്ക്ക് ശേഷം എല്ലാവരും സ്ഥാനവസ്ത്രങ്ങൾ ധരിച്ച് പള്ളിയ്ക്കുള്ളിൽ വച്ച് ശുശ്രൂഷ ആരംഭിക്കുന്നു. ഹാശായുടെ രീതിയിലുള്ള കോലോ, പ്രുമിയോൻ, സെദ്റാ, എന്നിവ ക്രമപ്രകാരം നടത്തുന്നു. തുടർന്ന് തെക്കേവാതിൽ വഴി ഇറങ്ങി പ്രദക്ഷിണം നടത്തുന്നു. പള്ളിയുടെ അടച്ചിട്ട പടിഞ്ഞാറേ വാതിൽനടയിൽ കയറിനിന്ന് പട്ടക്കാരൻ പത്തു കന്യകമാരുടെ ഉപമ സുവിശേഷത്തിൽ നിന്ന് വായിക്കുന്നു. "വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ" എന്ന സങ്കീർത്തനഭാഗം ചൊല്ലിക്കൊണ്ട് പട്ടക്കാരൻ വാതിൽ മുട്ടുന്നു. മൂന്നാം പ്രാവശ്യം വാതിൽ തുറന്ന് പള്ളിക്കുള്ളിലേയ്ക്ക് ഏവരും കയറുന്നു. പള്ളിക്കുള്ളിൽ പ്രവേശിച്ച് അംശവസ്ത്രങ്ങൾ ഊരിമാറ്റി, രാത്രി 3-ാം കൗമാമുതൽ നടത്തുന്നു. സൗകര്യത്തെ പ്രതി ഇപ്പോൾ സന്ധ്യാസമയത്ത് പല ദേവാലയങ്ങളിലും ഈ ശുശ്രൂഷ നടത്തുന്നു.



**ഡീ. ഷാജൻ വർഗീസ്**

വാദെദൽമീനോയ്ക്ക് 'സ്വർഗ്ഗീയ പ്രകാശത്തിന്റെ മണവറയിലേയ്ക്ക് പ്രവേശനരാത്രി,' അഥവാ തിരികളുടെ പെരുന്നാൾ എന്നീ പേരുകൾ അന്ത്യോഖ്യൻ ആരാധനാക്രമത്തിൽ കാണുന്നു. മായൽത്തോ ശുശ്രൂഷ, അറിയിപ്പിന്റെ ശനിയാഴ്ചയിലെ ശുബ്ക്കോനോ, സ്ലീബാ പെരുന്നാളിന്റെ ശുശ്രൂഷ.. എന്നീ ക്രമങ്ങളും സുറിയാനിക്കാരുടെ ആണ്ടുതക്സായിൽ ഉണ്ട്. അന്ത്യോഖ്യൻ സഭയിലെ അമേരിക്കൻ ആർച്ചു ബിഷപ്പായിരുന്ന അത്തനാസ്യോസ് യേശു ശാമുവേൽ 1984-ൽ ലബനോനിൽ നിന്ന് പ്രസിദ്ധീകരിച്ച ആണ്ടുതക്സായിൽ ഈ ക്രമങ്ങൾ ചേർത്തിട്ടുണ്ട്. പാരമ്പര്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, എന്നിവ സുറിയാനിസഭയിൽ വ്യത്യസ്തമായിരുന്നു. ഇത്തരം ആചാരങ്ങളെ ക്രമങ്ങൾ എന്നു വിളിക്കാം. ഇങ്ങനെയുള്ള ക്രമങ്ങളിൽ പ്രധാനമായവ എഡേസായിലെ ക്രമം, തെഗ്രീസിലും മൂസലിലും അനുഷ്ഠിച്ചിരുന്ന ക്രമം, വിവിധ ദയറാകളിലെ ക്രമങ്ങൾ എന്നിവയാണ്. ഇനുപാർദായിലെ മെത്രാപ്പോലീത്തായായിരുന്ന ശിമയോൻ ക്രോഡീകരിച്ച ബെത്ഗാസായിൽ, ഈ ക്രമങ്ങളെപ്പറ്റി പറയുന്നിടത്ത്, വാദെദൽമീനോ (പ്രകാശത്തിന്റെ ക്രമം) എഡേസ്യൻ പാരമ്പര്യമാണ് എന്ന് പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 'Scattered Pearls' എന്ന ഗ്രന്ഥത്തിൽ പറയുന്നു.



സിറിയൻ ഓർത്തഡോക്സ് സഭയിൽ ഹാശാ തിങ്കളാഴ്ച രാത്രി പ്രാർത്ഥനയുടെ രണ്ടാം കൗമായ്ക്ക് ശേഷം, പള്ളിക്കുള്ളിൽ സാധാരണ ക്രമപ്രകാരം പ്രദക്ഷിണം നടത്തിയശേഷം, തിരശ്ശീലയാൽ മറച്ച മദ്ബഹായ്ക്ക് മുന്നിൽ നിന്ന് പ്രാർത്ഥനകൾ ആരംഭിക്കുന്നു. മണവാളനെ പ്രതീക്ഷിച്ചിരുന്ന രാത്രിപോലെ ദേവാലയത്തിനുൾവശം, അന്ധകാരമയമായിരിക്കണം എന്ന് പറയുന്നുണ്ട്. മലങ്കരയിൽ ഇന്നുപയോഗിക്കുന്ന ക്രമത്തിൽ നിന്നും വളരെ വിപുലമായ ക്രമമാണ് ഇത്. 40 കുമ്പിടീലും, അനുതാപഗീതങ്ങളും ധാരാളമായി ഉപയോഗിക്കുന്നു. പ്രാർത്ഥനകൾക്ക് ശേഷം പട്ടക്കാരൻ കൈയ്യിൽ പിടിച്ചിരിക്കുന്ന സ്ലീബായുടെ അഗ്രം തിരശ്ശീലയിൽ മൂന്ന് പ്രാവശ്യം സ്പർശിക്കുന്നു. "നാഥാ വാതിൽ ഞങ്ങൾക്ക് തുറന്നു തരണമേ" എന്ന് മൂന്നാം പ്രാവശ്യം പറയുമ്പോൾ തിരശീല തുറന്ന് "യജമാനൻ വരുമന്നേരത്ത്..." എന്ന ഗീതം ചൊല്ലി വൈദികഗണം മദ്ബഹായിൽ കയറുന്നു. പള്ളിക്കുള്ളിലെ ദീപങ്ങൾ മുഴുവൻ തത്സമയം കത്തിക്കുന്നു.

Visual homilies എന്നു വിളിക്കുന്ന പ്രതീകങ്ങൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്ന ഒരു ശുശ്രൂഷയാണ് വാദെദൽമീനൊ. അമൂർത്തമായതിനെ പ്രതിനിധീകരിക്കുവാനാണ് പ്രതീകങ്ങൾ ഉപയോഗിക്കുന്നത്. ഇവ അദൃശ്യമായ യാഥാർത്ഥ്യത്തെ കുറിക്കുന്ന ദൃശ്യവും ഭൗതികവുമായ ഘടകങ്ങളാണ്. വാദെദൽമീനോ ശുശ്രൂഷയിൽ ക്രൈസ്തവജീവിതത്തെ ഒരു കപ്പൽ യാത്രയായും പ്രകാശമണിയറയിലേക്കുള്ള പ്രയാണമായും ചിത്രീകരിക്കുന്നു. യുക്തിയിൽ ഒതുങ്ങാത്ത അംശത്തെ പ്രകാശിപ്പിക്കുവാൻ, പത്തു കന്യകമാരുടെ ഉപമയെ സംഗീതവും, ഗന്ധവും, ക്രിയകളും ചേർത്ത് പ്രതീകാത്മകമായി ഈ ശുശ്രൂഷയിൽ സമ്മേളിപ്പിച്ചിരിക്കുന്നു. ഉണർവും ജാഗ്രതയും ഉള്ളവരായിരിക്കുക എന്ന സന്ദേശം നൽകുന്ന വാദെദൽമീനോ ശുശ്രൂഷ ഇന്ന് 'അന്യം നിന്നുപോകുന്ന' ഒരു ശുശ്രൂഷയാണ്. നമ്മുടെ ആരാധനാ ക്രമങ്ങളിൽ പോലും ഇന്ന് സ്ഥാനം നൽകുന്നില്ല. മനുഷ്യചിന്തകളെ അഭൗമികമായ ലക്ഷ്യത്തിലേക്ക് ഉയർത്തുവാൻ പര്യാപ്തമായ "സുറിയാനി സഭയുടെ" ഈ ശുശ്രൂഷ സമയക്രമീകരണം വരുത്തി അനുഷ്ഠിക്കുന്നത് ഉചിതമാണ്.